## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5039** **01/07/2013 -ൽ** മറുപടിക്ക്

### പ്രത്യേക വിജിലൻസ് സെൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ഡി. സതീശൻ:<br>" ജോസഫ് വാഴക്കൻ:<br>" കെ. അച്ചുതൻ:<br>" വർക്കല കഹാർ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | എ & ബി | 11/06/1997-ലെ സ.ഉ.(നം) 34/97/വിജി പ്രകാരം എല്ലാ സർക്കാർ വകുപ്പുകളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും ഒരു വിജിലൻസ് ഓഫിസറുടെ നേതൃത്വത്തിൽ വിജിലൻസ് സെൽ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വകുപ്പുകളിലും സ്ഥാപന ങ്ങളിലും അഴിമതി നിരോധന നിയമത്തിൽപ്പെടാത്തതായ ക്രമക്കേടുകളോ സ്വഭാവ ദൂഷ്യമോ ഉൾപ്പെടുന്ന ആരോപണങ്ങൾ അന്വേഷിക്കേണ്ട ചുമതല അതതു വിജിലൻസ് സെല്ലുകൾക്കാണ്. അപ്രകാരം നടത്തുന്ന അന്വേഷണത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിക്കേണ്ടതാണെന്നു ബോദ്ധ്യപ്പെട്ടാൽ അവ വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കാവുന്നതാണ്. വകുപ്പുതല വിജിലൻസ് സെല്ലുകൾക്ക് വകുപ്പിന്റെ കീഴിൽ ഉള്ള ഓഫീസുകൾ, പ്രോജക്ടുകൾ മുതലായവയിൽ മിന്നൽ പരിശോധന നടത്താനും, അപ്രകാരം നടത്തുന്ന അന്വേഷണങ്ങളിൽ ആരോപണങ്ങൾ വസ്തുതാപരമാണെന്നു കണ്ടാൽ വകുപ്പുതല അച്ചടക്കനടപടികൾക്ക് ശുപാർശ ചെയ്യാനും അധികാരം ഉണ്ട്. |

| | |
|---|---|
| സി) അഴിമതികൾ തടയുന്നതിന് ഇതിന്റെ പ്രവർത്തനം എത്ര മാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | സി) അഴിമതിക്കെതിരായി സംസ്ഥാനത്തെ വിജിലൻസ് സംവിധാനം മെച്ചപ്പെടുത്തുകയും അതു വഴി ജനങ്ങൾക്ക് സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നതിന് വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം പ്രയോജനകരമാണ്. |
| ഡി) സെല്ലിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് ഭരണതലത്തിൽ എടുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) 11/06/1997 തീയതിയിലെ സ.ഉ.(നം) 34/97/വിജി എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ വിജിലൻസ് ഓഫീസർമാരുടെ പ്രവർത്തനം സെക്രട്ടറിയേറ്റിലെ വിജിലൻസ് വകുപ്പു മുഖേന ഏകോപിപ്പിക്കുന്നതാണ്. വകുപ്പുതല വിജിലൻസ് ഓഫീസർമാരുടെ യോഗം വർഷം തോറും ബന്ധപ്പെട്ട വിജിലൻസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. പ്രസ്തുത യോഗത്തിൽ വിവിധ വകുപ്പുകളിലെ വിജിലൻസ് സംബന്ധമായ പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും തീരുമാനം കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Abstract**

VIGILANCE DEPARTMENT—STRENGTHENING OF VIGILANCE SET UP IN GOVERNMENT DEPARTMENTS AND PUBLIC SECTOR UNDERTAKINGS—ORDERS ISSUED

VIGILANCE (C) DEPARTMENT

**G. O. (P) No. 34/97/Vig. Dated, Thiruvananthapuram, 11th June, 1997.**

*Read:*—(1) G.O. (P) No. 65/92/Vig. dated 12-5-1992.
(2) G.O. (Rt.) No. 104/96/Vig. dated 18-7-1996.
(3) G.O. (P) No. 18/97/Vig. dated 5-4-1997.

ORDER

The Committee constituted by the Government in the G.O. read as second paper above to suggest measures to improve the working of the Vigilance machinery in the state has, among other things made several recommendations for toning up the administrative vigilance set up in the various Departments.

Government have examined the recommendations of the Committee in this regard and are pleased to issue the following orders:

(a) The administrative vigilance set-up in all departments including those of the Secretariat and all Public Sector Undertakings will be known uniformly by the nomenclature 'Vigilance Cell'.

(b) Officers of adequate seniority, preferably number two level in each organisation will be designated as Vigilance Officer to head the Vigilance Cell.

(c) The Vigilance Cell will be provided with supporting staff, wherever necessary, for office work as well as resources for field work.

GPT. 3/2300/97/MC.

(d) The Vigilance Officer will be answerable to the Head of Department or Chief Executive only.

(e) Appointment of vigilance officers will be ordered by the Vigilance Department of Secretariat, after obtaining vigilance clearance from the Director, Vigilance and Anti Corruption Bureau (VACB).

(f) Complaints/Petitions relating to departmental irregularities, which prima facie do not amount to criminal misconduct as defined in the PC Act 1988, will be entrusted with the Vigilance Cells for enquiry and report. If the enquiry by Vigilance Cell discloses adequate grounds for action by the Vigilance and Anti Corruption Bureau, a request will be made to the Vigilance Department in the Secretariat.

(g) Activities of the Vigilance Officers will be co-ordinated by the Vigilance Department of the Secretariat by prescribing periodical reports and returns, arranging training, conducting review meetings etc.

(h) Training will be given to the Vigilance Officers at regular intervals. This could be done by the I.M.G. according to a well devised training programme. Alternatively, the training could be undertaken by the Director of VACB himself with the faculty drawn from various disciplines.

(i) There should be an annual conference of all Vigilance Officers presided over by Minister in Charge of Vigilance Department. In this conference, all important issues relating to the departmental vigilance will be discussed and appropriate decisions taken.

(j) Government will consider providing some incentive to the Vigilance Officers.

It is also ordered that the Subordinate Staff for office work [illegible] field work will be found by suitable deployment of the existing [illegible] in each Department/Institution without any additional financial commitment.

By order of the Governor

M. MOHANKUMAR
*Additional Chief Secretary*

To

The Director, Vigilance and Anti Corruption Bureau,
Thiruvananthapuram.
All Heads of Departments/All Heads of Public Sector Undertakings.
All District Collectors.
The Accountant General, Thiruvananthapuram.
All Departments and Sections in the Secretariat.
General Administration (SC) Department.